LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

നീര

164 (1539) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നീര വിപണിയിലെത്തിക്കാൻ കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തെങ്ങിൽ നിന്ന് നീരയും നീരയിൽ നിന്നുള്ള മറ്റുമൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണയിലെത്തിക്കുന്നതിലൂടെ കേര കർഷകരുടെ വരുമാനം വർദ്ധിക്കുന്നതിനും ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. ഇതിലൂടെ പ്രകൃതിദത്തവും ലഹരിവിമുക്തവും ആരോഗ്യദായകവുമായ പാനീയം ഉപഭോക്താക്കൾക്ക് ലഭിക്കുന്നു.

(സി) തെങ്ങിൽ നിന്നും നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയും ഉൽപ്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് 2013-14-ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിക്കുകയും 2014-15-ൽ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉൽപ്പാദിപ്പിക്കുന്ന നീരയുടെ വിപണനച്ചുമതല നാളികേര വികസന കോർപ്പറേഷനാണ്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെന്റിംഗ് മെഷീൻ മുഖേനയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വിൽപ്പന കേന്ദ്രങ്ങളിലൂടെയും നാളികേര വികസന കോർപ്പറേഷൻ നീര വിപണനം നടത്തി വരുന്നു.

നാളികേര വികസന കോർപ്പറേഷൻ കോഴിക്കോട് ഏലത്തൂരിൽ പ്രതിദിനം 300 ലിറ്റർ നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിച്ച് ഉത്പാദനം നടത്തുന്നു. കൂടാതെ കണ്ണൂർ ജില്ലയിലെ ആറളത്ത് പ്രതിദിനം 5000 ലിറ്റർ വീതം രണ്ട് ഷിഫ്റ്റായി നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റും പ്രവർത്തിച്ചുവരുന്നു.

കൂടാതെ 14-10-2015-ലെ സ.ഉ.(സാധാ.) 1773/2015/കൃഷി പ്രകാരം കൊല്ലം ജില്ലയിലെ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്കും 20-01-2016-ലെ സ.ഉ.(സാധാ.)50/2016/കൃഷി പ്രകാരം കോഴിക്കോട് ജില്ലയിലെ കുറ്റ്യാട് നാളികേര ഉൽപ്പാദക കമ്പനിക്കും 11-02-2016-ലെ സ.ഉ.(സാധാ.) 109/2016/കൃഷി പ്രകാരം ആലപ്പുഴ ജില്ലയിലെ കരപ്പുറം നാളികേര ഉൽപ്പാദക കമ്പനിക്കും 50 ലക്ഷം രൂപ വീതം സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

വളം കീടനാശിനി ഗുണനിലവാരം

165 (1540) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന വളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) കർഷകർക്ക് ലഭിക്കുന്ന ജൈവവളം, ജൈവകീടനാശിനി എന്നിവയിൽ പലപ്പോഴും മായം ചേർക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മായം ചേർത്തതും ഗുണനിലവാരമില്ലാത്തതുമായ വളം ഉപയോഗിക്കുന്നത് കൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴിയും അല്ലാതെയും വിപണനം ചെയ്യുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തുകയും ഗുണനിലവാരം കുറഞ്ഞതും മായം ചേർത്തതുമായ വളം വിപണനം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) രാസവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരത്തും പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും ഓരോ രാസവള ഗുണനിലവാര പരിശോധനശാലകൾ പ്രവർത്തിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ തന്നെ ഒരു ജൈവവള ഗുണനിലവാര പരിശോധനശാലയുടെ നിർമ്മാണം പൂർത്തീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly